(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ആന്റ് (ബി) സംവരണത്തിലെ മേൽത്തട്ടു വ്യവസ്ഥയെ സംബന്ധിച്ചുള്ള കേസിൽ ബഹു. സുപ്രീം കോടതി നിർദ്ദേശിച്ച പ്രകാരം ജസ്റ്റിസ് കെ. ജെ. ജോസഫ് കമ്മിറ്റിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് 27-5-1997-ൽ ബഹു. സുപ്രീം കോടതിയിൽ സമർപ്പിച്ചിരുന്നു. റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കിക്കൊണ്ട് 16-2-2000-ലെ സർക്കാർ ഉത്തരവ് (പ്രി) നമ്പർ 15/2000/പജാ.പവ.വിവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) റിപ്പോർട്ടിന്റെ പകർപ്പ് ഇപ്പോൾ ലഭ്യമല്ല.

കല്ലൂർക്കാട് ഫയർ സ്റ്റേഷന്റെ പ്രവർത്തനം

82 [1599] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി അനുവദിച്ച ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ വർഷം അനുവദിച്ച എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഫയർസ്റ്റേഷന്റെ പ്രവർത്തനം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുയോജ്യമായ സ്ഥലവും കെട്ടിടവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള കാലതാമസമാണ് ഫയർസ്റ്റേഷൻ ആരംഭിക്കുവാൻ വൈകുന്നത്.

(ബി) കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി കെട്ടിടം പണിതിട്ടുണ്ട്. എന്നാൽ ഫയർസേറ്റേഷനുവേണ്ടി തസ്തികകൾ സൃഷ്ടിക്കുന്നതിനും വാഹനങ്ങളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതു സംബന്ധിച്ച ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

കാട്ടാക്കട ഫയർ സ്റ്റേഷൻ

83 [1600] ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആര്യനാട് നിയോജകമണ്ഡലത്തിലെ കാട്ടാക്കട കേന്ദ്രമാക്കി ഒരു പുതിയ ഫയർസ്റ്റേഷൻ അനുവദിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly